## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 11.03.2026** **TIME : 06.30 PM**

### പ്രധാന വാർത്തകൾ

1. ലോകത്തെ ഏറ്റവും വലിയ നിർമ്മാണ കേന്ദ്രമായി ഇന്ത്യ മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. 10,800 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം കൊച്ചിയിൽ തുടക്കം കുറിച്ചു.
2. പശ്ചിമേഷ്യൻ സംഘർഷങ്ങളിൽ ആശങ്ക വേണ്ടെന്നും ഇന്ത്യൻ പൗരന്മാരുടെ സുരക്ഷ കേന്ദ്ര സർക്കാർ ഉറപ്പുവരുത്തുമെന്നും പ്രധാനമന്ത്രി.
3. സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന പ്രമേയം തള്ളി ലോക്സഭ. നടപടികൾ പൂർത്തിയാക്കി ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.
4. പാചകവാതക ക്ഷാമം സംബന്ധിച്ച ആശങ്കകൾ പരിഹരിക്കാൻ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര സർക്കാരിന് കത്തയച്ചു.
5. ആഗോള വിപണിയിൽ ക്രൂഡ് ഓയിൽ വില ഉയരുന്നു. ഇന്ന് രേഖപ്പെടുത്തിയത് നാല് ശതമാനം വർദ്ധന.

6. **സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഉയർന്ന താപനിലയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കണ്ണൂരിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യത.**

❁❁❁❁❁❁❁❁❁❁❁❁❁

പ്രധാനമന്ത്രി -കൊച്ചി

ലോകത്തെ ഏറ്റവും വലിയ നിർമ്മാണ കേന്ദ്രമായി ഇന്ത്യ മാറിക്കൊണ്ടിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. നിർമിത ബുദ്ധി , സെമികണ്ടക്ടർ മേഖലകളിൽ രാജ്യം അതിവേഗം പുരോഗതി കൈവരിക്കുകയാണെന്നും അദ്ദേഹം കൊച്ചിയിൽ 10,800 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചുകൊണ്ട് പറഞ്ഞു. ആത്മനിർഭർ ഭാരത്, മെയ്ക്ക് ഇൻ ഇന്ത്യ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് പെട്രോളിയം മേഖലയുടെ വികസനം അനിവാര്യമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. കേരളത്തിൽ ഇന്ന് തുടക്കം കുറിച്ച റോഡ് വികസന പദ്ധതികൾ, സംസ്ഥാനത്തെ കർഷകർക്കും, ടൂറിസം മേഖലയ്ക്കും മറ്റ് വ്യവസായങ്ങൾക്കും ഗുണകരമാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് - പ്രധാനമന്ത്രി)

5,500 കോടി രൂപയുടെ പോളിപ്രൊപ്പിലീൻ യൂണിറ്റിൻറെ ശിലാസ്ഥാപനത്തിന് പുറമേ വിവിധ റോഡ്, റെയിൽവേ പദ്ധതികളുടെ ഉദ്ഘാടനവും കലൂർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി നിർവഹിച്ചു. തലപ്പാടി-ചെങ്കള ആറുവരിപ്പാത, വെങ്ങളം- രാമനാട്ടുകര ആറുവരി ബൈപ്പാസ് എന്നീ ദേശീയ പാത പദ്ധതികൾ, പിഎം ഗ്രാം സഡക് യോജനയിലൂടെ നിർമിച്ച 23 ഗ്രാമീണ റോഡുകൾ എന്നിവ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. പുനർനിർമിച്ച ഷൊർണൂർ, കുറ്റിപ്പുറം, ചങ്ങനാശേരി റെയിൽവേ സ്റ്റേഷനുകളുടെ ഉദ്ഘാടനവും പാലക്കാട്-പൊള്ളാച്ചി ട്രെയിൻ സർവീസിൻറെ ഫ്ലാഗ് ഓഫും നിർവഹിച്ച അദ്ദേഹം ഷൊർണൂർ-നിലമ്പൂർ റോഡ് റെയിൽപ്പാത വൈദ്യുത വൽക്കരണ പദ്ധതി രാഷ്ട്രത്തിന് സമർപ്പിച്ചു. കൊല്ലം വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പദ്ധതിക്കും അദ്ദേഹം തറക്കല്ലിട്ടു. കലൂർ സ്റ്റേഡിയത്തിന് സമീപം നടന്ന പ്രധാനമന്ത്രിയുടെ റോഡ്ഷോയിൽ പതിനായിരങ്ങളാണ് അണിനിരന്നത്.

☸☸☸☸☸☸☸☸☸☸☸☸

പ്രധാനമന്ത്രി -എൻഡിഎ (ഇൻട്രോ)

പശ്ചിമേഷ്യൻ സംഘർഷങ്ങളിൽ ആശങ്ക വേണ്ടെന്നും ഇന്ത്യൻ പൗരന്മാരുടെ സുരക്ഷ കേന്ദ്ര സർക്കാർ ഉറപ്പുവരുത്തുമെന്നും പ്രധാനമന്ത്രി പറഞ്ഞു. കലൂർ സ്റ്റേഡിയത്തിൽ ബി.ജെ.പി സംഘടിപ്പിച്ച 'വികസിത കേരളം മോദിക്കൊപ്പം' പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഗൾഫ് മേഖലയിലെ ഇന്ത്യൻ എംബസികൾ പ്രവാസികൾക്ക് 24 മണിക്കൂറും സഹായം നൽകി വരുന്നതായും പ്രധാനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

എൽഡിഎഫും യുഡിഎഫും സംസ്ഥാനത്ത് വികസനത്തിന് തടസ്സം നിൽക്കുന്നതായും, അദ്ദേഹം വിമർശിച്ചു. വികസിത കേരളമാക്കി സംസ്ഥാനത്തെ മാറ്റുമെന്ന് ഉറപ്പുനൽകിയ ശ്രീ മോദി, ഇതിനായി എൻഡിഎ സർക്കാരിനെ അധികാരത്തിൽ എത്തിക്കണമെന്നും പറഞ്ഞു. ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, മുതിർന്ന ബിജെപി നേതാക്കാൾ, എൻഡിഎ ഘടകകക്ഷി നേതാക്കൾ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു. ധീവരസഭയുടെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി ഇന്ന് കൊച്ചി മറൈൻ ഡ്രൈവിൽ നിർവഹിച്ചു. 2018 ലെ പ്രളയം നേരിടുന്നതിൽ മത്സ്യത്തൊഴിലാളികൾ കേരളത്തിന് നൽകിയ പിന്തുണയെ അദ്ദേഹം പ്രശംസിച്ചു. മത്സ്യബന്ധന മേഖലയുടെ ഉന്നമനത്തിനായി നിരവധി പ്രവർത്തനങ്ങൾ കേന്ദ്രസർക്കാർ നടപ്പാക്കി വരുന്നതായി പിഎം മത്സ്യ സമ്പദാ യോജന അടക്കമുള്ള പദ്ധതികൾചൂണ്ടിക്കാട്ടി പ്രധാനമന്ത്രി പറഞ്ഞു. സംസ്ഥാനത്തിൻറെ പേര് കേരളം എന്നാക്കി മാറ്റുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയതിൽ മലയാളി ജനതയെ അദ്ദേഹം അഭിനന്ദിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

പ്രധാനമന്ത്രി-തമിഴ്നാട്

തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിൽ 5,650 കോടി രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി അൽപസമയം മുൻപ് തുടക്കം കുറിച്ചു. രണ്ട് അമൃത് ഭാരത് ട്രെയിനുകൾ, രാമേശ്വരം-മംഗളൂരു, തിരുനെൽവേലി-

മംഗളൂരു എക്സ്പ്രസ് ട്രെയിനുകൾ, മയിലാടുതുറൈ-കാരൈക്കുടി പാസഞ്ചർ എന്നിവ അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്തു.

☸☸☸☸☸☸☸☸☸☸☸☸☸

## പാർലമെൻറ്

സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന പ്രമേയം തള്ളി ലോക്സഭ. സ്പീക്കറുടെ വിശ്വാസ്യത പ്രതിപക്ഷം ചോദ്യം ചെയ്യുന്നത് ദൗർഭാഗ്യകരമാ ണെന്ന് ചർച്ചയിൽ പങ്കെടുത്ത് കേന്ദ്ര മന്ത്രി അമിത് ഷാ പറഞ്ഞു. സ്പീക്കർക്കെതിരെയുള്ള അവിശ്വാസ പ്രമേയം പാർലമെൻററി രാഷ്ട്രീയത്തിലെ ഖേദകരമായ സംഭവമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എന്നാൽ തൻറെ പ്രസംഗം ഒന്നിലേറെ തവണ തടസ്സപ്പെടുത്താൻ സഭയിൽ ശ്രമം നടന്നതായി പറഞ്ഞ ലോക്സഭ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി, പാർലമെൻറ് ഏതെങ്കിലും കക്ഷികൾക്ക് മാത്രം സംസാരിക്കാനുള്ള ഇടമല്ലെന്നും ചൂണ്ടിക്കാട്ടി. കെ.സി വേണുഗോപാൽ, അനുരാഗ് സിങ്ങ് ഠാക്കൂർ ഉൾപ്പെടെയുള്ള അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു. ചർച്ചകൾ പൂർത്തിയാക്കിയ ശേഷം ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. ഇന്നലെയാണ് കോൺഗ്രസ് അംഗം മുഹമ്മദ് ജാവേദ് പ്രമേയം സഭയിൽ അവതരിപ്പിച്ചത്. ഗ്രാമവികസന മന്ത്രാലയത്തിൻറെ പ്രവർത്തനത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് ശേഷം രാജ്യസഭയും ഇന്നത്തേക്ക് പിരിഞ്ഞു. എൽപിജി വില വർദ്ധനയും മറ്റ് വിഷയങ്ങളും ഉന്നയിച്ചുള്ള പ്രതിപക്ഷ പ്രതിഷേധത്തിൽ പാർലമെൻറ് ഇന്നും പ്രക്ഷുബ്ധമായിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## മുഖ്യമന്ത്രി പ്രസ്താവന

പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിലുണ്ടായ, പാചകവാതക ക്ഷാമം സംബന്ധിച്ച ആശങ്കകൾ പരിഹരിക്കാൻ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിങ്ങ് പുരിക്ക് കത്തയച്ചു. ഹോട്ടലുകൾക്കും റെസ്റ്റോറൻറുകൾക്കും എൽപിജി ക്ഷാമം മൂലം സാധാരണ നിലയിൽ പ്രവർത്തിക്കാൻ സാധിക്കാത്ത സാഹചര്യ മുണ്ടെന്നും കത്തിൽ പറയുന്നു. ഗാർഹിക ഉപഭോക്താക്കൾക്കും, ഹോട്ടൽ-റെസ്റ്റോറൻറ് മേഖലയ്ക്കും മതിയായ തോതിൽ എൽപിജി ലഭ്യമാക്കാൻ ഇടപെടൽ

നടത്തണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. ആവശ്യമെങ്കിൽ ഇതിനായി സബ്സിഡി നൽകണമെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

## ഹർദീപ് സിങ്ങ് പുരി

രാജ്യത്ത് ഊർജ്ജ പ്രതിസന്ധിയില്ലെന്നും, ഗാർഹിക ഉപഭോക്താ ക്കൾ പരിഭ്രാന്തരാകേണ്ട സാഹചര്യം നിലനിൽക്കുന്നില്ലെന്നും കേന്ദ്ര സർക്കാർ വ്യക്തമാക്കി. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ലഭ്യതയും, ഇറക്കുമതിയും ഉറപ്പുവരുത്തിയതിന് പുറമേ എൽപിജി ഉത്പാദനം വർദ്ധിപ്പിക്കാൻ എണ്ണ കമ്പനികൾക്ക് നിർദ്ദേശം നൽകിയതായി കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിങ്ങ് പുരി വ്യക്തമാക്കി. ഗാർഹിക ഉപഭോക്താക്കൾക്ക് CNG, PNG ലഭ്യത പൂർണമായും ഉറപ്പുവരുത്തും. ഗാർഹിക എൽപിജി ഉപഭോക്താക്കൾക്കും, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ അവശ്യ മേഖലകൾക്കും എൽപിജി വിതരണത്തിൽ മുൻഗണന നൽകുമെന്നും അദ്ദേഹം അറിയിച്ചു.

## ക്രൂഡ് ഓയിൽ

പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ ആഗോള വിപണിയിൽ അസംസ്കൃത എണ്ണവിലയിൽ ഇന്ന് നാല് ശതമാനത്തോളം വർദ്ധന രേഖപ്പെടുത്തി. ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പൽ ഗതാഗതത്തിലെ തടസ്സങ്ങൾ ആശങ്ക സൃഷ്ടിക്കുന്ന സാഹചര്യത്തിലാണ് വിലവർദ്ധന. ബ്രെന്റ് ക്രൂഡ് വില 3.8 ശതമാനത്തിലധികം വർദ്ധിച്ച് ബാരലിന് 91 യുഎസ് ഡോളർ എന്ന നിലയിലാണ് വ്യാപാരം നടക്കുന്നത്.

## ഹോർമുസ് പ്രതിസന്ധി

പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് ലോകത്തെ ഏറ്റവും നിർണായക ഊർജ പാതയായ ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പൽ ഗതാഗത ത്തിൽ പ്രതിസന്ധി തുടരുകയാണ്. പ്രതിദിനം ഏകദേശം 20 ദശലക്ഷം ബാരൽ എണ്ണയാണ് ഹോർമുസിലൂടെ കടന്നു പോയിരുന്നത്. ഇന്ത്യ, ചൈന, ജപ്പാൻ തുടങ്ങിയ രാജ്യങ്ങ ളിലെ 80 ശതമാനം എണ്ണയും പ്രകൃതി

വാതകവും ഹോർമുസ് വഴിയാണ് എത്തിക്കുന്നത്. സംഘർഷം ആരംഭിച്ച ഫെബ്രുവരി 28 ന് ശേഷം ഇതുവഴിയുള്ള ചരക്ക് ഗതാഗതത്തിൽ 90 ശതമാന ത്തിൻറെ ഇടിവുണ്ടായി. ഡ്രോൺ, മിസൈൽ ആക്രമണങ്ങളിൽ 10-ഓളം കപ്പലുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കപ്പലുകളെ ഇറാൻ തടയുന്നതിന് പുറമേ, ജിപിഎസ് ജാമിങ്ങ് മൂലം കപ്പലു കൾക്ക് യാത്ര തുടരാൻ കഴിയാത്ത സാഹചര്യവും നിലനിൽക്കുകയാണ്.

☸☸☸☸☸☸☸☸☸☸☸☸☸

കണ്ണൂർ (ഇൻട്രോ)

പുതുച്ചേരി സംസ്ഥാനത്തിന്റെ ഭാഗമായ മാഹിയെ, കണ്ണൂരുമായി ബന്ധിപ്പിക്കുന്ന മാഹി പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കഴിഞ്ഞദിവസം മാഹി സന്ദർശിച്ച പുതുച്ചേരി ലെഫ്റ്റനൻറ് ഗവർണർ കെ. കൈലാസനാഥൻ ആണ് ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

ഉയർന്ന താപനില

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇന്നും നാളെയും ഉയർന്ന താപനിലയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കണ്ണൂർ ജില്ലയിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും പാലക്കാട്, കാസറഗോഡ് ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, കോട്ടയം, തൃശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയർന്നേക്കുമെന്ന് കാലാവസ്ഥ വിഭാഗം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

ഓഹരി /സ്വർണ്ണവില

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,342 പോയിന്റ് നഷ്ടത്തിൽ 76,864 ലും ദേശീയ

ഓഹരി സൂചിക നിഫ്റ്റി 395 പോയിന്റ് താഴ്ന്ന് 23,867 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കൂടി. പവന് 680 രൂപ വർധിച്ച് ഒരു ലക്ഷത്തി 19,760 രൂപയും ഗ്രാമിന് 14,970 രൂപയുമാണ് ഇന്നത്തെ വില.

ബാഡ്ജ് ഓഫ് ഓണർ

പോലീസിലെ വിവിധ മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ച 224 പോലീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് മേധാവി നാളെ ബാഡ്ജ് ഓഫ് ഓണറും കമൻ്റേഷൻ ഡിസ്ക്കും വിതരണം ചെയ്യും. തിരുവനന്തപുരം തൈക്കാട് പോലീസ് ട്രെയിനിങ് കോളേജിലാണ് ചടങ്ങ്.

കായിക ഭവൻ

തിരുവനന്തപുരം വാൻറോസ് ജംഗ്ഷനിൽ എട്ടര കോടി രൂപ ചെലവിൽ നിർമിച്ച കായിക ഭവൻ മന്ത്രി വി അബ്ദുറഹിമാൻ, നാടിന് സമർപ്പിച്ചു.